20046
12/11/19

**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് – 08/11/2019-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് – മന്ത്രിസഭായോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ) നം. 48/2019/പാകാവ** **തിരുവനന്തപുരം, തീയതി : 07/11/2019**

പരാമർശം : 1) 04/11/2019, 07/11/2019 തീയതികളിലെ നിയമസഭാ സെക്രട്ടറിയുടെ 6086/ പി.എം.ബി.ആർ.1/2019/ നി.സെ നമ്പർ കത്തുകൾ

2) 06/11/2019-ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

08/11/2019-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന താഴെപ്പറയുന്ന മൂന്ന് അനൗദ്യോഗിക പ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം ബന്ധപ്പെട്ട മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്.

**ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ മന്ത്രി | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1) | ശ്രീ. മാത്യു.ടി. തോമസ് | "സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇപ്പോഴും വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ | ബഹു. മുഖ്യമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മ മൂലമാണ്. എൻ.എച്ച്.എം., എസ്സ്.എസ്സ്.എ പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.<br>സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതു മൂലം, സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണ്. ഇതിനു പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.<br>ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു". | | |
| 2) | ശ്രീ. ജെയിംസ് മാത്യു | "2018-19-ലെ ഇൻഡ്യയുടെ സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നത് കുറഞ്ഞ വേതനവും വേതനത്തിലെ അസമത്വവുമാണ് സമ്പദ് വ്യവസ്ഥയുടെ | ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി | അനുകൂലിക്കേണ്ടതില്ല |

സാകല്യ വളർച്ചയുടെ മുഖ്യതടസ്സമെന്നാണ്. നിലവിലുള്ള മിനിമം വേതന നിയമത്തിന്റെ അപാകത കാരണം തൊഴിലെടുക്കുന്നവരിൽ മൂന്നിലൊന്ന് പേർക്ക് ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നില്ലെന്നും പറയുന്നു.

ഇൻഡ്യയിൽ നിലനിൽക്കുന്ന 44 തൊഴിൽ നിയമങ്ങൾ 4 കോഡുകളാക്കി ചുരുക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേതനം സംബന്ധിച്ച 4 നിയമങ്ങൾ ഒരു കോഡാക്കുകയും (The Code on Wages) മറ്റ 13 നിയമങ്ങൾ ഇല്ലാതാക്കിക്കൊണ്ട് തൊഴിൽപരമായ സുരക്ഷയും ആരോഗ്യവും തൊഴിൽ സാഹചര്യവും നിയമം (The Occupational Safety, Health & Working Condition Code) പാർലമെന്റിൽ അവതരിപ്പിക്കുകയും ചെയ്തു രാജ്യത്തെ തൊഴിലാളികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. രാജ്യത്തെ തൊഴിലാളികളിൽ 93 ശതമാനവും അസംഘടിതമേഖലയിലായിരിക്കുകയും 59.30 ശതമാനം കാഷ്വൽ തൊഴിലാളികളുടെ വേതനം പ്രതിമാസം 5,000 രൂപയിൽ താഴെയുമായിരിക്കുന്ന ഘട്ടത്തിലാണ് കേന്ദ്രസർക്കാർ അസംഘടിത മേഖലയിലെ മിനിമം വേതനം 178 രൂപയായി ഈ വർഷം ജൂലൈയിൽ നിശ്ചയിച്ചത്. 2017-ൽ ഇത് 176 രൂപയായിരുന്നു. രണ്ട് വർഷം കൊണ്ട് വേതനത്തിലുണ്ടായ വർദ്ധനവ് രണ്ടുരൂപ (1.1%). ഇൻഡ്യൻ സമ്പദ് വ്യവസ്ഥ 5 ലക്ഷം കോടി ഡോളറിന്റേതാക്കാൻ ശ്രമിക്കുമ്പോഴാണ് ഇതെന്നത് അത്ഭുതാവഹമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും കേന്ദ്ര ട്രേഡ് യൂണിയനുകളും തൊഴിലുടമാസംഘങ്ങളും ഉൾപ്പെട്ട ത്രികക്ഷി വേദിയായ ഇൻഡ്യൻ തൊഴിൽ സമ്മേളനം (Indian Labour Conference) ഏകകണ്ഠമായി അംഗീകരിച്ച

| | | | | |
|---|---|---|---|---|
| | | പ്രമേയ പ്രകാരം മിനിമം വേതനം നിശ്ചയിക്കേണ്ടത് ഐ.എൽ.സി ശിപാർശകളോടൊപ്പം സുപ്രീം കോടതിയുത്തരവിലൂടെ നിശ്ചയിച്ച പാർപ്പിടം, വസ്ത്രം, യാത്രാചെലവ് എന്നിവയ്ക്കായുള്ള 25 ശതമാനം കൂടി ചേർത്തുകൊണ്ടായിരിക്കണം. അങ്ങനെയായിരുന്നാൽ പ്രതിദിന വേതനം 770/- രൂപയോളമാകേണ്ടതാണ്. കേന്ദ്രസർക്കാർ തന്നെ നിശ്ചയിച്ച അനൂപ് സത്പതി കമ്മീഷൻ 447 രൂപ വരെ മിനിമം പ്രതിദിന വേതനമായി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.<br>കേന്ദ്ര സർക്കാരിന്റെ ഈ നടപടികൾ നിലവിൽ 600 രൂപ മുതൽ 900 രൂപ വരെ പ്രതിദിനം വേതനം ലഭിക്കുന്ന സംസ്ഥാനത്തെ തൊഴിലാളികൾക്കിടയിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ കണക്കിലെടുത്ത് തൊഴിലാളി വിരുദ്ധ തൊഴിൽ നിയമഭേദഗതികളിൽ നിന്നും പിന്മാറണമെന്നും അസംഘടിത മേഖലയിലുൾപ്പെടെയുള്ള തൊഴിലാളികൾക്ക് ന്യായയുക്ത മിനിമം വേതനം നിശ്ചയിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു". | | |
| 3) | ശ്രീ. റോജി എം. ജോൺ | "സംസ്ഥാനത്ത് 2018-ൽ ഉണ്ടായ മഹാ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി രൂപീകരിച്ച റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നതിനാൽ പുനർനിർമ്മാണ പദ്ധതികൾ എങ്ങുമെത്താത്ത അവസ്ഥയിലാണ്. 2018-ന് ശേഷം 2019-ലും സംസ്ഥാനം മറ്റൊരു പ്രളയത്തെ അഭിമുഖീകരിക്കേണ്ടി വന്നു. പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭ്യമായ കോടിക്കണക്കിന് രൂപ ചിലവഴിക്കാതെ | ബഹു. മുഖ്യമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | |
|---|---|---|---|
| | | ഇത് സംബന്ധിച്ചുള്ള ചർച്ചകളും, സെമിനാറുകളും മാത്രമാണ് ഇപ്പോഴും നടക്കുന്നത്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പ്രദേശങ്ങളെ ഒഴിവാക്കിയും, പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുവാനുള്ള ശ്രമവും നടന്നുവരുന്നു. പുനർനിർമ്മാണ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിൽ ഈ സഭ ആശങ്ക രേഖപ്പെടുത്തുന്നു. പ്രളയം മൂലം കേരളത്തിന്റെ സമസ്ത മേഖലയിലും ഉണ്ടായ കനത്ത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും, കേരളത്തെ പുനർ നിർമിക്കുന്നതിനും യുദ്ധകാല അടിസ്ഥാനത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും, അതിന്റെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തണമെന്നും ഈ സഭ ആവശ്യപ്പെടുന്നു". | |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് അടിയന്തരമായി സമർപ്പിക്കേണ്ടതാണ്

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ബന്ധപ്പെട്ട വകുപ്പുകൾക്ക്

(ഈ വകുപ്പിന്റെ 04/11/2019-ലെ **പാകാവ-ബി1/106/2019-പാകാവ** നം. കത്ത് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്.

(--06/11/2019ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം നമ്പർ 3499 പ്രകാരം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പകർപ്പ് :

ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

3974150/2019/OS-PAD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-11-2019

ഫയൽ നം.പാ.കാ.വ./ബി1-106/2019-പാ.കാ.വ. ഇനം നം: 3499

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 08/11/2019-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പാ.കാ.വ/ബി1-106/2019-പാ.കാ.വ |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (ബി) വകുപ്പ് |
| 3 | വിഷയം | : | 08/11/2019 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽമേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി, | : | 06/11/2019 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ, | : | ഉണ്ട് |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്, | : | ശ്രീമതി. കെ.ഷൈലശ്രീ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്, | : | ശ്രീ. ബിശ്വനാഥ് സിൻഹ ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി, | : | 05/11/2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്, | : | ശ്രീ. ടോം ജോസ് ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി, | : | 05/11/2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്, | : | ശ്രീ. എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി, | : | 05/11/2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി, | : | 06/11/2019 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി, | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും, | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ 08/11/2019 വെള്ളിയാഴ്ച കേരള നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 08/11/2019-ന് സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

### ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ. മാത്യു.ടി.തോമസ് | "സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഉലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മ മൂലമാണ്. എൻ.എച്ച്.എം., എസ്സ്.എസ്സ്.എ പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.<br>സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന | ബഹു. മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| | | തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതു മൂലം, സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണ്. ഇതിനു പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.<br>ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു". | |
| 2 | ശ്രീ. ജെയിംസ് മാത്യു | " 2018-19-ലെ ഇൻഡ്യയുടെ സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നത് കുറഞ്ഞ വേതനവും വേതനത്തിലെ അസമത്വവുമാണ് സമ്പദ് വ്യവസ്ഥയുടെ സാകല്യ വളർച്ചയുടെ മുഖ്യതടസ്സമെന്നാണ്. നിലവിലുള്ള മിനിമം വേതന നിയമത്തിന്റെ അപാകത കാരണം തൊഴിലെടുക്കുന്നവരിൽ മൂന്നിലൊന്ന് പേർക്ക് ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നില്ലെന്നും പറയുന്നു.<br>ഇൻഡ്യയിൽ നിലനിൽക്കുന്ന 44 തൊഴിൽ നിയമങ്ങൾ 4 കോഡുകളാക്കി ചുരുക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേതനം സംബന്ധിച്ച 4 നിയമങ്ങൾ ഒരു കോഡാക്കുകയും (The Code on Wages) മറ്റു 13 നിയമങ്ങൾ ഇല്ലാതാക്കിക്കൊണ്ട് തൊഴിൽപരമായ സുരക്ഷയും ആരോഗ്യവും തൊഴിൽ സാഹചര്യവും നിയമം (The Occupational Safety, Health & Working Condition | ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

Code) പാർലമെന്റിൽ അവതരിപ്പിക്കുകയും ചെയ്തു രാജ്യത്തെ തൊഴിലാളികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. രാജ്യത്തെ തൊഴിലാളികളിൽ 93 ശതമാനവും അസംഘടിതമേഖലയിലായിരിക്കുകയും 59.30 ശതമാനം കാഷ്വൽ തൊഴിലാളികളുടെ വേതനം പ്രതിമാസം 5,000 രൂപയിൽ താഴെയുമായിരിക്കുന്ന ഘട്ടത്തിലാണ് കേന്ദ്രസർക്കാർ അസംഘടിത മേഖലയിലെ മിനിമം വേതനം 178 രൂപയായി ഈ വർഷം ജൂലൈയിൽ നിശ്ചയിച്ചത്. 2017-ൽ ഇത് 176 രൂപയായിരുന്നു. രണ്ടു വർഷം കൊണ്ട് വേതനത്തിലുണ്ടായ വർദ്ധനവ് രണ്ടുരൂപ (1.1%). ഇൻഡ്യൻ സമ്പദ് വ്യവസ്ഥ 5 ലക്ഷം കോടി ഡോളറിന്റേതാക്കാൻ ശ്രമിക്കുമ്പോഴാണ് ഇതെന്നത് അത്ഭുതാവഹമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും കേന്ദ്ര ട്രേഡ് യൂണിയനുകളും തൊഴിലുടമാസംഘങ്ങളും ഉൾപ്പെട്ട ത്രികക്ഷി വേദിയായ ഇൻഡ്യൻ തൊഴിൽ സമ്മേളനം (Indian Labour Conference) ഏകകണ്ഠമായി അംഗീകരിച്ച പ്രമേയ പ്രകാരം മിനിമം വേതനം നിശ്ചയിക്കേണ്ടത് ഐ.എൽ.സി ശിപാർശകളോടൊപ്പം സുപ്രീം കോടതിയുത്തരവിലൂടെ നിശ്ചയിച്ച പാർപ്പിടം, വസ്ത്രം, യാത്രാചെലവ് എന്നിവയ്ക്കായുള്ള 25 ശതമാനം കൂടി ചേർത്തുകൊണ്ടായിരിക്കണം. അങ്ങനെയായിരുന്നാൽ പ്രതിദിന വേതനം 770/- രൂപയോളമാകേണ്ടതാണ്. കേന്ദ്രസർക്കാർ തന്നെ നിശ്ചയിച്ച അനൂപ് സത്പതി കമ്മീഷൻ 447 രൂപ വരെ മിനിമം പ്രതിദിന വേതനമായി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

കേന്ദ്ര സർക്കാരിന്റെ ഈ നടപടികൾ നിലവിൽ 600 രൂപ മുതൽ 900 രൂപ വരെ പ്രതിദിനം വേതനം ലഭിക്കുന്ന സംസ്ഥാനത്തെ തൊഴിലാളികൾക്കിടയിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ കണക്കിലെടുത്ത് തൊഴിലാളി വിരുദ്ധ തൊഴിൽ നിയമഭേദഗതികളിൽ നിന്നും പിന്മാറണമെന്നും അസംഘടിത മേഖലയിലുൾപ്പെടെയുള്ള തൊഴിലാളികൾക്ക്

| | | | |
|---|---|---|---|
| | | ന്യായയുക്ത മിനിമം വേതനം നിശ്ചയിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു". | |
| 3 | ശ്രീ.റോജി എം. ജോൺ | "സംസ്ഥാനത്ത് 2018-ൽ ഉണ്ടായ മഹാ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി രൂപീകരിച്ച റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നതിനാൽ പുനർനിർമ്മാണ പദ്ധതികൾ എങ്ങുമെത്താത്ത അവസ്ഥയിലാണ്. 2018-ന് ശേഷം 2019-ലും സംസ്ഥാനം മറ്റൊരു പ്രളയത്തെ അഭിമുഖീകരിക്കേണ്ടി വന്നു. പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭ്യമായ കോടിക്കണക്കിന് രൂപ ചിലവഴിക്കാതെ ഇത് സംബന്ധിച്ചുള്ള ചർച്ചകളും, സെമിനാറുകളും മാത്രമാണ് ഇപ്പോഴും നടക്കുന്നത്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പ്രദേശങ്ങളെ ഒഴിവാക്കിയും, പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുവാനുള്ള ശ്രമവും നടന്നുവരുന്നു. പുനർനിർമ്മാണ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിൽ ഈ സഭ ആശങ്ക രേഖപ്പെടുത്തുന്നു. പ്രളയം മൂലം കേരളത്തിന്റെ സമസ്ത മേഖലയിലും ഉണ്ടായ കനത്ത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും, കേരളത്തെ പുനർ നിർമിക്കുന്നതിനും യുദ്ധകാല അടിസ്ഥാനത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും, അതിന്റെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തണമെന്നും ഈ സഭ ആവശ്യപ്പെടുന്നു". | ബഹു. മുഖ്യമന്ത്രി |

3) പ്രസ്തുത പ്രമേയങ്ങൾ 08/11/2019-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ

സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

08/11/2019 -ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2 & 3 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കണം?